കഴിക്കാതിരിക്കാനും ഇവിടെ ഈ വാനരന്മാർക്ക് പരിശീലനം നൽകുന്നു. മരത്തിൽകയറി തൂങ്ങിപ്പിടിച്ചു സഞ്ചരിക്കാനും, ഉറങ്ങാനുള്ള കൂട നിർമ്മിക്കാനും, പ്രകൃതിയിൽനിന്ന് ആഹാരം ശേഖരിച്ചു കഴിക്കാനും അവയെ പ്രോത്സാഹിപ്പിച്ചിരുന്നു. എന്നാലും, സന്ദർശകരെ കണ്ടാൽ ഇവ മരങ്ങളിൽനിന്നിറങ്ങിവരും; അവരുടെ കൈപിടിച്ചു കുലുക്കും. ഫോർക്കുപയോഗിച്ചു തിന്നാനും കപ്പുപയോഗിച്ചു കടിക്കാനും അവയ്ക്കു വലിയ താല്പര്യമാണ്. അവയുടെ മനുഷ്യപ്പററ് ഇല്ലാതാക്കുന്നത്, അവയുടെ വംശസംരക്ഷണത്തിന് അനുപേക്ഷണീയമെന്നു കരുതപ്പെടുന്നു.

മനുഷ്യരോട് ഇണങ്ങിക്കഴിഞ്ഞാൽ, വീട്ടുമൃഗങ്ങൾക്കെന്നപോലെ മനുഷ്യക്കുരങ്ങുകൾക്കും സ്വയം ജീവിക്കാനുള്ള കഴിവു നഷ്ടപ്പെടുന്നതായി കാണുന്നു; പ്രത്യേകിച്ചും അഞ്ചുവയസ്സിനു താഴെയുള്ള ഒറാങ്ങ് ഊട്ടാൻ കുട്ടികൾക്ക്. അതിനാൽ പുനരധിവാസകേന്ദ്രങ്ങളിൽവെച്ച് അവയെ വന്യജീവിതം പഠിപ്പിക്കുന്നു. മരംകയറാൻ പഠിപ്പിക്കുകയാണ് ആദ്യ പരിപാടി. ഇതിനായി കമ്പികളും കയറുകളും വലിച്ചുകെട്ടി ജിംനേഷ്യങ്ങളിലെ ബാറുകൾപോലെ ചില ഉപകരണങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഇവയിൽ കയറി തൂങ്ങിപ്പിടിച്ചുനടക്കാറായ വാനരശിശുക്കളെ അടുത്തുള്ള മരങ്ങളിലേക്കു 'പ്രൊമോട്ട്' ചെയ്യുന്നു. പിന്നീടവ നിലത്തു നടക്കുന്നതു കണ്ടാൽ അവയ്ക്കു നല്ല ചുട്ട അടികൊടുക്കും. മരക്കയററത്തിൽ വിദഗ്ദ്ധ പരിശീലനം നേടിയ ഒറാങ്ങ് ഊട്ടാന്മാരെ പുനരധിവാസകേന്ദ്രങ്ങളിൽനിന്നു വളരെയകലെ, മനുഷ്യവാസമില്ലാത്ത ശരിയായ മഴക്കാടുകളിൽ കൊണ്ടുവിടുന്നു. ഇവിടെ മരങ്ങളിൽ ഉയരത്തിലുണ്ടാക്കിയ പ്ലാററ്ഫോറങ്ങളിൽ അവയ്ക്കു വേണ്ട ഭക്ഷണം യഥാസമയം കൊണ്ടുവെക്കുന്നു. കുറെ ദിവസം കഴിഞ്ഞാൽ ഈ അന്നദാനവും അവസാനിപ്പിക്കുന്നു. പിന്നീട് ഒറാങ്ങ് ഊട്ടാന്മാർ സ്വതന്ത്രമായി അധ്വാനിച്ച് സ്വന്തം ആഹാരം—പഴങ്ങളും ഇലകളും—സമ്പാദിക്കണം.

നൂറ് ഒറാങ്ങ് ഊട്ടാന്മാർക്ക് ഇങ്ങനെ വന്യജീവിതപരിശീലനം നൽകി. അവയിൽ പകുതിയെണ്ണം പിന്നീട് കാട്ടിൽ സ്വതന്ത്രജീവിതം ആരംഭിച്ചിട്ടുണ്ടത്രെ. അമ്പതോളം ഒറാങ്ങ് ഊട്ടാന്മാർക്ക് ഇനിയും മനുഷ്യാശ്രയമില്ലാതെ ജീവിക്കാൻ കഴിവു കൈവന്നിട്ടില്ല. ഈ അടിമമനസ്ഥിതിക്കാരെ, സ്വതന്ത്രരായ ഒറാങ്ങ് ഊട്ടാന്മാരിൽനിന്ന് അകററിപ്പാർപ്പിച്ചിരിക്കുകയാണ്. മനുഷ്യസമ്പർക്കത്തിൽനിന്നു പരിചയിച്ചു കെട്ട ശീലങ്ങൾ മാററിയാലേ വംശനാശത്തിൽനിന്നു രക്ഷപ്പെടാനാവൂ എന്ന് ഒറാങ്ങ് ഊട്ടാന്മാരെ പഠിപ്പിക്കാൻ മലേഷ്യയിലെയും ഇൻഡോനേഷ്യയിലെയും വനംവകുപ്പധികാരികൾ അത്യധ്വാനം ചെയ്തുവരുകയാണ്.

29 മെയ്, 1983

## 75. അല്പം ആനക്കാര്യം

ഇന്ത്യയിൽ എത്ര കാട്ടാനകളുണ്ട്? ഈ ചോദ്യം ഇക്കഴിഞ്ഞ പാർലമെൻറ് സമ്മേളനത്തിൽ ഉന്നയിക്കപ്പെട്ടു. 'കൃത്യമായി അറിഞ്ഞുകൂടാ. ഏകദേശം 15,950 എണ്ണം ഉണ്ടാവും' എന്നായിരുന്നു ഗവൺമെൻറ് നൽകിയ ഉത്തരം.

ഉത്തരത്തിൽ ഏതാനും വിശദാംശങ്ങൾ ഉണ്ടായിരുന്നു. ഏററവും കൂടുതൽ കാട്ടാനകളുള്ള ഇന്ത്യൻ സംസ്ഥാനം മേഘാലയമാണ്. അവിടെ

2500 കാട്ടാനകൾ ജീവിക്കുന്നു. തൊട്ട സ്ഥാനം തമിഴ്നാടിനാണ്. അവിടെ 2300 കാട്ടാനകളാണുള്ളത്. കർണാടകത്തിൽ 2100 കാട്ടാനകളും, അരുണാചലപ്രദേശിലും ഒറീസ്സയിലും രണ്ടായിരം കാട്ടാനകൾ വീതവും ഉണ്ട്. അസം, നാഗാലാൻഡ്, കേരളം മുതലായ മററു സംസ്ഥാനങ്ങളിൽ കാട്ടാനകളുടെ കണക്ക് എടുത്തുവരുകയാണ്.

കേരളത്തിലെ ആനക്കണക്ക് കേന്ദ്രമന്ത്രിയുടെ കൈയിൽ, മുൻപറഞ്ഞ ഉത്തരം പാർലമെൻറിൽ രേഖാമൂലം സമർപ്പിച്ച ആഗസ്റ്റ് 24 വരെ, എത്തിയില്ലെങ്കിലും, മററു കേന്ദ്രങ്ങളിലൂടെ നമുക്ക് അതു് അറിയാൻ പ്രയാസമില്ല. 1983–ൽ കണക്കെടുത്തപ്പോൾ കേരളത്തിൽ 2883 കാട്ടാനകളുള്ളതായി കണ്ടു. 1977–ലെ കണക്കുപ്രകാരം കേരളത്തിൽ 3555 കാട്ടാനകളുണ്ടായിരുന്നു. ആറു വർഷംകൊണ്ടു് കാട്ടാനകളുടെ എണ്ണത്തിലുണ്ടായ കുറവ് 672. ഒരാണ്ടിൽ കേരളത്തിലെ കാട്ടാനകളുടെ സംഖ്യയിൽ വരുന്ന കുറവ് 112. കുറവ് മററു സംസ്ഥാനങ്ങളിലും ഉണ്ടാവുന്നുണ്ട്. തമിഴ്നാട്ടിൽ 1979–ൽ 2994 കാട്ടാനകളുണ്ടായിരുന്നു. 1983–ൽ അവയുടെ എണ്ണം 2179 ആയി ചുരുങ്ങിയത്രേ. നാലു വർഷം കൊണ്ടുണ്ടായ കുറവ് 815. തമിഴ്നാട്ടിലെ കാട്ടാനകളെപ്പററി കേന്ദ്രമന്ത്രി പാർലമെൻറിൽ നൽകിയ കണക്ക് കുറെ പഴഞ്ചനാണെന്നു തോന്നുന്നു.

എന്തുകൊണ്ടു കാട്ടാനകളുടെ എണ്ണം കുറയുന്നു? 'കള്ളവേട്ടകൊണ്ട്' എന്നാണ് അധികൃതകേന്ദ്രങ്ങൾ നൽകുന്ന ഉത്തരം. കൊമ്പിനുവേണ്ടി കാട്ടാനകളെ സർക്കാരിൻെറ അനുവാദമില്ലാതെ വേട്ടയാടുന്നതു സംബന്ധിച്ച റിപ്പോർട്ടുകൾ പത്രങ്ങളിൽ കൂടെക്കൂടെ കാണാറുണ്ട്. പെണ്ണാനകൾക്കു കൊമ്പില്ലാത്തതിനാൽ, കള്ളവേട്ടക്കാർ വിലപിടിച്ച ഉണ്ട അവയ്ക്കുവേണ്ടി ചെലവഴിക്കുക പതിവില്ല. ഇതുകൊണ്ടു സംഭവിക്കുന്നതു് എന്തെന്നല്ലേ? പല പിടിയാനകൾക്കും വിവാഹയോഗം ഉണ്ടാവാതെ പോവുന്നു! കൊമ്പനാനകൾ ഏകപത്നീവ്രതക്കാരല്ല. ഒരു കൊമ്പനാന അഞ്ചു പിടിയാനകളെ പരിഗ്രഹിച്ച സസുഖം ദാമ്പത്യം അനുഷ്ഠിക്കുന്നതാണത്രേ അഭിലഷണീയം. പക്ഷേ, കേരളത്തിലെ കാടുകളിൽ നാല്പതു പിടിയാനകൾക്ക് ഒരു കൊമ്പനാനയേ ഉള്ളു. തമിഴ്നാട്ടിൽ സ്ഥിതി മോശമായിട്ടില്ല. അവിടെ 1732 പിടിയാനകൾക്ക 447 കൊമ്പനാനകൾ ഉണ്ട്. അതായതു് ഏറെക്കുറെ അഞ്ചു പൊണ്ണാട്ടിമാർക്ക് ഒരു പുരുഷൻ! ആനസ്സദാചാരം അനുശാസിക്കുന്ന അനുപാതം ഇതാണെന്നു മുമ്പു പറഞ്ഞുവല്ലോ.

കള്ളവേട്ടയ്ക്കു പുറമേ, കാടുകളിൽ റബ്ബർത്തോട്ടങ്ങളിലും മററും വലിയ തോതിൽ കീടനാശിനികൾ ഉപയോഗിക്കുന്നതും കാട്ടാനകളുടെ അകാലമരണത്തിനു കാരണമാകുന്നുണ്ടത്രേ. നാട്ടിലെ കന്നുകാലികളിൽ നിന്നു പകർന്നുകിട്ടുന്ന രോഗങ്ങളുടെ ഫലമായി കാട്ടുമൃഗങ്ങൾ, കൂട്ടത്തിൽ കാട്ടാനകളും, അടുത്തകാലത്തു വലിയ തോതിൽ മരണമടയുന്നുണ്ട്.

വേണമെങ്കിൽ കാട്ടാനകളുടെ എണ്ണം വർദ്ധിപ്പിക്കാവുന്നതേയുള്ളു. എൺപതുകൊല്ലംമുമ്പു് ശ്രീലങ്കയിൽ 2000 ആനകളേ ഉണ്ടായിരുന്നുള്ളു. സർക്കാർ കൈക്കൊണ്ട സംരക്ഷണനടപടികളുടെ ഫലമായി 1970–ൽ അവിടെ ആനകളുടെ എണ്ണം 3000 ആയി ഉയർന്നുവത്രേ.

കേരളത്തിൽ എത്ര നാട്ടാനകളുണ്ട്? ഈ ലേഖനത്തിലെ വിവരങ്ങൾ ലഭിച്ച കേന്ദ്രത്തിൽ ഇതിൻെറ കണക്ക കണ്ടില്ല. കേരളത്തിലെ ജില്ലകളിൽ ഏററവും കൂടുതൽ നാട്ടാനകൾ ഉള്ളതു തൃശ്ശൂരിലാണെന്നും, തൃശ്ശൂർ ജില്ലയിൽ മുപ്പതോളം വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും വകയായി നൂററമ്പതോളം നാട്ടാനകൾ ഉണ്ടെന്നും മാത്രമേ അറിവാൻ കഴിഞ്ഞുള്ളു. ഇവയിൽത്തന്നെ മുപ്പത്താറു് ആനകൾ ഗുരുവായൂർ ദേവ

സ്വം വകയാണ്. ഏതാനും വർഷങ്ങൾ മുമ്പ് കേരളത്തിൽ ആവശ്യത്തിനു നാട്ടാനകൾ ഇല്ലായിരുന്നുവത്രേ. അതിനാൽ കേരളീയർ ബിഹാറിലെ സോനേപൂർ ആനച്ചന്തയിൽ പോയി ആനകളെ വാങ്ങിക്കൊണ്ടു വന്നിരുന്നു. ബീഹാറിൽനിന്ന് ഒരു ആനയെവാങ്ങി കേരളത്തിലെത്തിച്ചു വിററാൽ അന്നൊക്കെ പതിനായിരംമുതൽ മുപ്പതിനായിരംവരെ രൂപ ലാഭം കിട്ടിയിരുന്നു. ഇപ്പോൾ കേരളത്തിൽ ബിഹാർ ആനകൾക്ക പ്രിയമില്ല. ഇതിനർത്ഥം ആവശ്യത്തിനു മതിയായത്ര നാട്ടാനകൾ കേരളത്തിൽ ഇപ്പോൾ ഉണ്ടെന്നാണ്.

ആനയെക്കൊണ്ട് എന്താണ് ആവശ്യം? മുഖ്യമായും എഴുന്നള്ളിപ്പു തന്നെ. ക്ഷേത്രങ്ങളിൽ മാത്രമല്ല പള്ളികളിലും ആഘോഷാവസരങ്ങളിൽ ആനകളെ എഴുന്നെള്ളിക്കാറുണ്ട്. ഇപ്പോൾ രാഷ്ട്രീയകക്ഷികളുടെ സമ്മേളനങ്ങൾ, ഘോഷയാത്രകൾ, വിശിഷ്ടാതിഥികളെ മാലയിട്ടു സ്വീകരിക്കൽ മുതലായവയ്ക്കൊക്കെ ആന കൂടിയേ കഴിയൂ എന്നായിട്ടുണ്ട്. പ്രധാനപ്പെട്ട ഫുട്ബോൾ മാച്ചുകൾ തുടങ്ങാൻതന്നെ, ഒരു ആന ആദ്യം പന്ത് ഉരുട്ടിക്കൊടുക്കണമെന്ന നില കേരളത്തിൽ വന്നുചേർന്നിരിക്കുന്നു. എഴുന്നെള്ളിപ്പു കഴിഞ്ഞാൽ ആനകളെ കൂടുതലായി ഉപയോഗപ്പെടുത്തുന്നതു കാട്ടിൽനിന്നു തടി വലിച്ചു ലോറി നില്ക്കുന്ന സ്ഥലത്തെത്തിക്കാനാണ്.

ആനകളെ ശുശ്രൂഷിക്കുന്ന കാര്യത്തിൽ പഴമക്കാർ കാണിച്ചിരുന്ന താല്പര്യം ഇന്നുള്ളവർക്കില്ല. പണ്ടത്തെപ്പോലെ വിസ്തരിച്ച് അവലു ചോറും മററു വിശിഷ്ടഭോജ്യങ്ങളും ഇപ്പോൾ നൽകാതായിരിക്കുന്നു. 'ആനക്കു പനചക്കര' എന്നാണു ചൊല്ല്. പക്ഷേ, പനയുടെ പട്ട കിട്ടാൻ പ്രയാസം. തെങ്ങിൻപട്ടതന്നെ വേണ്ടത്ര ലഭിക്കാതായിരിക്കുന്നു. സാധാരണ വലിപ്പമുള്ള ഒരാനക്കു ദിവസേന ഇരുനൂററമ്പതു കിലോഗ്രാം പട്ട തിന്നാൻ വേണമത്രേ. പട്ട ദുർലഭമായിരിക്കുകയാൽ ആനകളെ, പശുക്കളെയെന്നപോലെ, കാലിത്തീററപ്പുല്ലു തിന്നാൻ പഠിപ്പിക്കേണ്ടിവരുമെന്ന് വിദഗ്ദ്ധർ പറയുന്നു. തമിഴ്നാട്ടിലെ ആനകളെപ്പോലെ വൈക്കോൽ തിന്നു പുലരാനും കേരളത്തിലെ ആനകളെ നിർബന്ധിക്കേണ്ടി വന്നേക്കാമത്രേ. മെലിഞ്ഞ ആനയെ തൊഴുത്തിൽ കെട്ടാനും ഇനി വിദഗ്ദ്ധർ ആവശ്യപ്പെടുമോ ആവോ! ആനക്കു ദിവസേന അമ്പതു ഗാലൻ വെള്ളമെങ്കിലും കുടിക്കാൻ വേണം. കുളിയാണ് ആനയുടെ ഒരേ ഒരു സുഖഭോഗം. പക്ഷേ, ഇഷ്ടംപോലെ മുങ്ങിക്കുളിക്കാൻ ആനകൾക്ക് ഇപ്പോഴിപ്പോൾ വളരെ ചുരുക്കം അവസരങ്ങളിലേ സാധിക്കാറുള്ളു.

ആനയെക്കൊണ്ടു പണിയെടുപ്പിക്കുന്ന കാര്യത്തിൽ ഒരു നിയന്ത്രണവുമില്ല. വേനല്ക്കാലത്താണല്ലോ നമ്മുടെ ഉത്സവങ്ങൾ അധികവും. ആണ്ടിൽ 120 എഴുന്നെള്ളിപ്പുകൾവരെ വേണ്ടിവരുന്ന ആനകളുണ്ട്. രാത്രിയിൽ ഉറക്കമിളപ്പ്, മേള കോലാഹലത്തിനു മുമ്പിൽ, മൂന്നോ നാലോ ആളുകളെയും കോലം, കുട, ചാമരം, ആലവട്ടം മുതലായ സാധനങ്ങളെയും പുറത്തേററിയുള്ള നില്പ്, അപര്യാപ്തമായ ഭക്ഷണം, കൂടെക്കൂടെ നീണ്ട യാത്രകൾ—ഉത്സവക്കാലം ആനക്ക്, ഏതായാലും, സുഖകരമായൊരു കാലഘട്ടമല്ല. ചിലപ്പോൾ ആനകളെ ഒരൊററ മൂച്ചിന് അറുപതും എഴുപതും കിലോമീററർ നടത്താറുണ്ടത്രേ. വെയിൽകൊണ്ട് ആനകൾക്ക 'സ്ട്രോക്ക്' ഏല്ക്കുന്നത് അപൂർവമല്ല. വാതം, പലവിധം ഉദരരോഗങ്ങൾ, കാലിലും മററുമുള്ള വ്രണങ്ങൾ വൃത്തിയാകാത്തതു നിമിത്തം പിടിപെടുന്ന ടെററനസ് അങ്ങനെ പല രോഗങ്ങളും നാട്ടാനകളെ വശംകെടുത്തുന്നുണ്ട്. രോഗങ്ങൾ നിമിത്തം നാട്ടാനകളുടെ മരണനിരക്ക് ഈയിടെ കുറെ കൂടുതലാണെന്നു വിദഗ്ധർ പറയുന്നു.

കേരള കാർഷികസർവ്വകലാശാല സ്ഥാപിച്ചതുമുതൽ കേരളം ഗജരോഗചികിത്സയിൽ ഒട്ടൊരു പുരോഗതി നേടിയിട്ടുണ്ട്. മണ്ണുത്തിയിലെ വെററിനറി കോളേജിലെ വിദഗ്ദ്ധന്മാരോട് ഇതിനു നാം നന്ദി പറയുക. മദമിളകി നിയന്ത്രണംവിട്ടു പായുന്ന ആനകളെ ശമനൗഷധങ്ങൾ കുത്തിവെച്ച് ശാന്തരാക്കുവാൻ ഇപ്പോൾ ക്യാപ്ചർഗൺ സമർത്ഥമായി ഉപയോഗപ്പെടുത്തിവരുന്നു. ആനയുടെ രോഗങ്ങളെപ്പററിയും കൂടുതൽ താത്പര്യം ഇപ്പോൾ ഉളവായിട്ടുണ്ട്. ആനകളുടെ ജീവിതചക്രം സംബന്ധിച്ച പഠനങ്ങളും പുരോഗമിച്ചുവരുന്നു. നാട്ടിൽവെച്ച് ആനകളെ ഇണചേർക്കുന്നതിലും, പിടിയാനകൾക്ക് ഗർഭപ്രസവോപചാരങ്ങൾ നൽകുന്നതിലും, ആനക്കുട്ടികളെ പോററിവളർത്തുന്നതിലും, എല്ലാം ശാസ്ത്രീയമായ അന്വേഷണകൗതുകത്തോടെ വ്യാപരിക്കുന്ന വിദഗ്ദ്ധർ ഇന്ന് കേരളത്തിലുണ്ട്.

പക്ഷേ, ആനകളെ 'മാനേജ്' ചെയ്യുന്നതിൽ വൈദഗ്ദ്ധ്യം കുറഞ്ഞുവരുകയാണെന്നു തോന്നുന്നു. നല്ല പാപ്പാന്മാർ ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ആനച്ചോറ് കൊലച്ചോറാണെന്നറിഞ്ഞിട്ടും, പണ്ട് ഗജശുശ്രൂഷ ഒരു വ്രതമായെടുക്കാൻ ധാരാളം ആളുകൾ മുന്നോട്ടുവന്നിരുന്നു. ആനക്കാർക്ക് ട്രെയ്ഡ് യൂണിയനും എട്ടു മണിക്കൂർ ജോലിവ്യവസ്ഥയും ശമ്പളവും ഇൻക്രിമെൻറും പെൻഷനും ബോണസ്സും ഒക്കെ ആയപ്പോൾ മററു നേട്ടങ്ങളുണ്ടായാലും, ആനയെ സ്നേഹിക്കാനുള്ള കഴിവ് പാപ്പാന്മാർക്കു നഷ്ടപ്പെട്ടിരിക്കുന്നു. വടി, കുന്തം, തോട്ടി, കത്തി മുതലായ ആയുധങ്ങൾ ക്രൂരമായി ഉപയോഗിക്കുന്നതിൽ പാപ്പാന്മാർക്ക് കരുണ ഇപ്പോൾ തടസ്സമാവാറില്ല. പാപ്പാന്മാരെ നിയന്ത്രിക്കുന്നതോ, അവർക്കു ചില പെരുമാററച്ചട്ടങ്ങൾ നിർബന്ധിതമാക്കുന്നതോ തങ്ങളുടെ ഉത്തരവാദിത്തമാണെന്ന് എസ്.പി.സി.എ പോലും കരുതുന്നില്ല.

ആനകളെസ്സംബന്ധിച്ച നമ്മുടെ പല അന്ധവിശ്വാസങ്ങളും അടിസ്ഥാനരഹിതങ്ങളാണെന്നു തെളിഞ്ഞുകൊണ്ടിരിക്കുകയാണ്. ഒരു ഉദാഹരണം പറഞ്ഞാൽ, 'ആനപ്രസവം' അത്യപൂർവ്വവും, നീണ്ട ഇടവേളകളിൽമാത്രം സംഭവിക്കുന്നതും ('കരിണീ ചിരേണ സൂതേ') ആണെന്ന വിശ്വാസത്തിന് ആധാരമില്ലെന്നു തെളിഞ്ഞിരിക്കുന്നു. മണ്ണുത്തി മൃഗവൈദ്യശാസ്ത്രകോളേജിലെ ഡോക്ടർ പണിക്കർ പറയുന്നത്, തമിഴ്നാട് വനംവകുപ്പുകാരുടെ വക 'മീനാക്ഷി' എന്ന പിടിയാന പതിനൊന്നു പെററുവെന്നാണ്. മീനാക്ഷിയുടെ അവസാനത്തെ പ്രസവം അമ്പത്തിനാലാം വയസ്സിലായിരുന്നുവത്രെ. ഒടുവിലത്തെ കുട്ടിക്ക് പതിന്നാലു വയസ്സാകുംവരെ ഈ അമ്മ ജീവിച്ചിരുന്നു. തമിഴ്നാട് വനംവകുപ്പിലെ തന്നെ 'താര' എന്ന പിടിയാനയും പതിനൊന്നു പെററവളാണ്. അവയിലൊന്ന് ഇരട്ടപ്രസവമായിരുന്നു. അങ്ങനെ താരയ്ക്കു പന്ത്രണ്ടു കുഞ്ഞുങ്ങളുണ്ടായി. സാധാരണ നാലുകൊല്ലം ഇടവിട്ടാണ് ഈ ഗജമാതാക്കൾ പ്രസവിച്ചിരുന്നത്. ഒരു പ്രസവം കഴിഞ്ഞ് രണ്ടു വർഷവും അഞ്ചു മാസവും കഴിഞ്ഞപ്പോൾ രണ്ടാമത്തും പ്രസവിച്ച സംഭവവും ഉണ്ടായിട്ടുണ്ട്. ഇരട്ട പ്രസവിച്ച പിടിയാനകൾ വേറെയുമുണ്ട്. പിടിയാനകളുടെ ഒരു പ്രസവത്തിലെ രണ്ടു കുഞ്ഞുങ്ങളും ആരോഗ്യത്തോടെ വളരുന്നതും അസാധാരണമല്ല.

17 മെയ്, 1983